**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 771** **28-06-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ .ഡി .പ്രസേനൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ; | (എ) | കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിടനിർമ്മാണം കൺസ്ട്രക്ഷൻ കോർപ്പറേഷൻ 17/09/2019-ന് ആരംഭിച്ചിരുന്നു. എന്നാൽ പുതിയ കെട്ടിട നിർമ്മാണ ത്തിനെതിരെ ശ്രീ.കെ.വി.വിജയകുമാരൻ എന്നയാൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിൽ സമർപ്പിച്ചിട്ടുള്ള ഹർജിയുടെ അടിസ്ഥാനത്തിൽ ട്രൈബ്യൂണലിൽ നിന്നുമുള്ള ഉത്തരവ് പ്രകാരം കുഴൽമന്ദം ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച കെട്ടിടനിർമ്മാണത്തിനുള്ള പെർമിറ്റ് സ്റ്റേ ചെയ്യുകയും 03/10/2019-മുതൽ കെട്ടിട നിർമ്മാണം താത്കാലികമായി നിർത്തി വെച്ചിരിക്കുകയുമാണ്. ഈ കേസിൽ യഥാർത്ഥ വസ്തുതകൾ കോടതി മുമ്പാകെ ബോധിപ്പിച്ച് സ്റ്റേ ഉത്തരവ് പിൻവലിക്കുന്നതിനും സർക്കാരിനെ പ്രതിനിധീകരിച്ച് കേസ് നടത്തുന്നതിനും പാലക്കാട് ജില്ലാ രജിസ്ട്രാർ(ജനറൽ)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് ജില്ലാ രജിസ്ട്രാർ പാലക്കാടിനെ കക്ഷി ചേർത്തുകൊണ്ട് ബഹു.കോടതിയിൽ നിന്നും അനുമതി ഉത്തരവ് ലഭിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസിന്റെ സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണം പൂർത്തീകരിക്കാൻ വൈകുന്നതിന്റെ കാരണവും അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദീകരിക്കാമോ? | (ബി) | കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിടനിർമ്മാണം കൺസ്ട്രക്ഷൻ കോർപ്പറേഷൻ 17/09/2019-ന് |

| | | | | |
|---|---|---|---|---|
| | | | | ആരംഭിച്ചിരുന്നു. എന്നാൽ പുതിയ കെട്ടിട നിർമ്മാണ ത്തിനെതിരെ ശ്രീ.കെ.വി.വിജയകുമാരൻ എന്നയാൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിൽ സമർപ്പിച്ചിട്ടുള്ള ഹർജിയുടെ അടിസ്ഥാനത്തിൽ ട്രൈബ്യൂണലിൽ നിന്നുമുള്ള ഉത്തരവ് പ്രകാരം കുഴൽമന്ദം ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച കെട്ടിടനിർമ്മാണത്തിനുള്ള പെർമിറ്റ് സ്റ്റേ ചെയ്യുകയും 03/10/2019-മുതൽ കെട്ടിട നിർമ്മാണം താത്കാലികമായി നിർത്തി വെച്ചിരിക്കുകയുമാണ്. ഈ കേസിൽ യഥാർത്ഥ വസ്തുതകൾ കോടതി മുമ്പാകെ ബോധിപ്പിച്ച് സ്റ്റേ ഉത്തരവ് പിൻവലിക്കുന്നതിനും സർക്കാരിനെ പ്രതിനിധീകരിച്ച് കേസ് നടത്തുന്നതിനും പാലക്കാട് ജില്ലാ രജിസ്ട്രാർ(ജനറൽ)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് ജില്ലാ രജിസ്ട്രാർ പാലക്കാടിനെ കക്ഷി ചേർത്തുകൊണ്ട് ബഹു.കോടതിയിൽ നിന്നും അനുമതി ഉത്തരവ് ലഭിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസിന്റെ സ്റ്റേ നിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ